**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1175 — 13.6.2013 ൽ മറുപടിയ്ക്ക്

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു റ്റി.തോമസ് :<br>ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീ. സി.കെ.നാണു :<br>ശ്രീമതി. ജമീലാ പ്രകാശം : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | എ) വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനും പൊതുവിതരണം ശക്തിപ്പെടുത്തുന്നതിനുമായി സിവിൽ സപ്ലൈസ് വകുപ്പ് ജാഗരൂകമായി പ്രവർത്തിക്കുന്നു. ബി.പി.എൽ കാർഡുടമകൾക്ക് കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ 25 കി.ഗ്രാം അരിയും രണ്ട് രൂപ നിരക്കിൽ 5 കി.ഗ്രാം ഗോതമ്പും നൽകുന്നു. എ.എ.വൈ വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു രൂപ നിരക്കിൽ 35 കി.ഗ്രാം അരി നൽകുന്നു. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കി.ഗ്രാം അരി സൗജന്യമായി നൽകുന്നു. എ.പി.എൽ കാർഡുടമകൾക്ക് കിലോയ്ക്ക് 8.90 രൂപ നിരക്കിൽ 9 കി.ഗ്രാം അരിയും 6.70 രൂപ നിരക്കിൽ 3 കി.ഗ്രാം ഗോതമ്പും നൽകുന്നു. എ.പി.എൽ വിഭാഗത്തിൽപ്പെട്ട രണ്ട് രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 9 കി.ഗ്രാം അരിയും 3 കി.ഗ്രാം ഗോതമ്പും കി.ഗ്രാമിന് 2 രൂപ നിരക്കിൽ നൽകുന്നു. കരിഞ്ചന്ത, പൂഴ്ത്തിവെയ്പ് മുതലായവ നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നത് തടയുന്നതിനായി പൊതുവിതരണ ശൃംഖലകളിലും പൊതു കമ്പോളത്തിലും ശക്തമായ റെയ്ഡും പരിശോധനകളും നടത്തി വരുകയും ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ അവശ്യസാധന നിയമപ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു.<br>പൊതുവിപണിയിലെ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കാൻ സപ്ലൈകോ നടത്തിവരുന്ന വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി |

തുടർന്നു വരുന്നു. നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ മാവേലി / സൂപ്പർ മാർക്കറ്റുകൾ വഴി വിറ്റുവരുന്നു. ഇതിന് പുറമെ മറ്റ് അവശ്യ സാധനങ്ങളും എഫ്.എം.സി.ജി ഉൽപ്പന്നങ്ങളും മാർക്കറ്റ് വിലയേക്കാൾ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് നൽകി വരുന്നു. ഉപഭോക്താവിന് നല്ല ഗുണമേന്മയുള്ള ഗോതമ്പ്പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 12 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും 1306 സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തു വരുന്നു. ഇതു കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, ഏലം, വെളിച്ചെണ്ണ, പുളി, ഉപ്പ് മുതലായ ഉൽപ്പന്നങ്ങൾ ശബരി ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20-30 ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ ഓണം, ബക്രീദ്, റംസാൻ, ക്രിസ്മസ്. വിഷു തുടങ്ങിയ ഉത്സവ കാലങ്ങളിൽ പ്രത്യേക ഉത്സവ ചന്തകൾ സംഘടിപ്പിച്ചു വരുന്നു.

കൂടാതെ കൺസ്യൂമർഫെഡിന്റെ 249 ത്രിവേണി സ്റ്റോറുകളിലൂടെയും, ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന 1200 ഓളം നീതി സ്റ്റോറുകളിലൂടെയും, കൺസ്യൂമർ ഫെഡ് നേരിട്ടു നടത്തുന്നവയും, സഹകരണ സംഘങ്ങൾ നടത്തുന്നവയുമായ 2050 നന്മ സ്റ്റോറുകളിലൂടെയും ഗുണമേന്മയുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിൽപ്പന നടത്തി സംസ്ഥാനത്തെ പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| ബി) | വിലക്കയറ്റത്തിന്റെ തോത് പരിശോധിക്കുവാൻ സംവിധാനം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അതിലൂടെ കണ്ടെത്തിയിട്ടുള്ള വസ്തുതകൾ വിശദമാക്കാമോ ; | ബി) | എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രതിദിനം വിലവിവരം ശേഖരിച്ച് പ്രസ്തുത വിവരം ഉൾപ്പെടുത്തി പ്രൈസ് ബുള്ളറ്റിൻ എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് തയ്യാറാക്കുന്ന കൺസ്യൂമർ പ്രൈസ് ഇൻഡക്സ് അനുസരിച്ച് 2011 ഏപ്രിൽ മാസത്തെ തിരുവനന്തപുരം സെന്ററിലെ വില സൂചിക 200 പോയിന്റ് ആയിരുന്നു. 2013 മാർച്ച് മാസത്തെ വില സൂചിക 234 പോയിന്റാണ്. ഇതനുസരിച്ച് വില വർദ്ധനവ് 17% ആണ്. |

| | | | |
|---|---|---|---|
| സി) | പൊതുവിതരണ സംവിധാനം വില ക്കയറ്റത്തെ നിയന്ത്രണവിധേയമാ ക്കുന്ന തലത്തിലേയ്ക്ക് സജ്ജ മാക്കിയിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന്റെ കാരണങ്ങൾ വിശദമാക്കാമോ ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുവിതരണ ശൃംഖല വഴി അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിലൂടെ വിലക്കയറ്റ ത്തെ ഒരു പരിധി വരെ തടഞ്ഞു നിർത്താൻ കഴിയുന്നുണ്ട്. |

Beena

സെക്ഷൻ ഓഫീസർ